(ബി) Registered Charitable Society യുടെ എല്ലാ മാനദണ്ഡങ്ങൾക്കും പുറമെ മെമ്മോറാണ്ടം ഓഫ് അസോസിയേഷൻ/റൂൾസ് ആന്റ് റഗുലേഷൻസ് ഭേദഗതിക്ക് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) ഉണ്ട്. ജനറൽ ബോഡിയുടെ അംഗീകാരത്തോടുകൂടി മൂന്നു തവണ ഭേദഗതി ചെയ്തിട്ടുണ്ട്. സർക്കാർ അംഗീകാരം വാങ്ങിയതു സംബന്ധിച്ച രേഖകൾ എസ്.എ.ടി., എച്ച്.എച്ച്.ഇ.എസിൽ ലഭ്യമല്ല.

(ഡി) ഈ സൊസൈറ്റി നിലവിൽ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നില്ല.

(ഇ) ആശുപത്രിയുടെ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി 18-3-1994-ൽ സർക്കാർ അനുമതി നൽകുകയുണ്ടായി. അതിൻപ്രകാരമാണ് സൊസൈറ്റി പ്രവർത്തിക്കുന്നത്. കെട്ടിടങ്ങൾ നിർമ്മിക്കുന്നത് സർക്കാരിന്റെ നിർദ്ദേശപ്രകാരവും മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും സർക്കാർ പ്രതിനിധി ഉൾപ്പെട്ട എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും അനുമതിയോടെയാണ്.

രാത്രികാല പോസ്റ്റ്മോർട്ടം

30 (6735) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് രാത്രി കാലത്തും പോസ്റ്റ്മോർട്ടം അനുവദിച്ച തീരുമാനം മെഡിക്കൽ കോളേജുകളില്ലാത്ത ജില്ലകളിൽ നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ അതിന് സൗകര്യങ്ങളുള്ള ജില്ലാ ആശുപത്രികളിൽ തീരുമാനം നടപ്പിൽ വരുത്താതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കുമോ ;

(സി) ഒരു ജില്ലയിൽ ഒരിടത്തെങ്കിലും രാത്രികാല പോസ്റ്റ്മോർട്ടത്തിനുള്ള സൗകര്യം അടിയന്തരമായി ഏർപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) 23-2-2013-ൽ ആഭ്യന്തര വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സ.ഉ.(എംഎസ്.) നമ്പർ.51/2013/ആഭ്യന്തര എന്ന ഉത്തരവിൽ 24 മണിക്കൂറും പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള സംവിധാനം ആദ്യഘട്ടത്തിൽ സർക്കാർ മെഡിക്കൽ കോളേജുകളിലും പിന്നീട് ജനറൽ ആശുപത്രികളിലും തുടർന്ന് ജില്ലാ ആശുപത്രികളിലും വിപുലീകരിക്കും എന്നാണ് നിർദ്ദേശിച്ചിരിക്കുന്നത്. കൂടാതെ ഇതിനാവശ്യമായ കൃത്രിമ വെളിച്ചം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, അധികജീവനക്കാർ എന്നിവ ലഭ്യമാക്കിയാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

(സി) രാത്രികാല പോസ്റ്റ്മോർട്ടത്തിന് ആവശ്യമായ ജീവനക്കാർ, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കിയാൽ മാത്രമേ ഇത് നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ.

തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ് സ്കാനർ സ്ഥാപിക്കാൻ നടപടി

31 (6736) ശ്രീ. വി. എസ്. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിന് 2014-15-ലെ വാർഷിക ബഡ്ജറ്റിൽ പ്രഖ്യാപനമുണ്ടായിട്ടുണ്ടോ ;

(ബി) ഇന്ത്യയിൽ തന്നെ സർക്കാർ ഉടമസ്ഥതയിലുള്ള മെഡിക്കൽ കോളേജുകളിൽ ആദ്യമായാണ് ഇങ്ങനെയൊരു സംരംഭം എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എവിടെ വരെയായി എന്ന് വ്യക്തമാക്കാമോ ;

(ഡി) പൊതുജനങ്ങൾക്ക് ഉപയോഗപ്രദമാകുന്ന രീതിയിൽ എന്നുമുതൽ ഇത് പ്രവർത്തനക്ഷമമാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി&ഡി) 2014-15-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ പെറ്റ്സ്കാനർ സ്ഥാപിക്കുന്നതിനായി 8 കോടിരൂപ നീക്കിവച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

പഴയങ്ങാടി താലൂക്കാശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ്

32 (6737) ശ്രീ. ടി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കല്ല്യാശ്ശേരി മണ്ഡലത്തിലെ ഏക താലൂക്ക് ആശുപത്രിയായ പഴയങ്ങാടി താലൂക്ക് ആശുപത്രിയിൽ ഡയാലിസിസ് സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുകയാണെങ്കിൽ ഡയാലിസിസ് സെന്റർ തുടങ്ങുന്നതിന് അനുമതി നല്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly